ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി അഞ്ചു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് കേന്ദ്ര മന്ത്രിസഭാ യോഗം.റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ വേതനത്തിന് തുല്യമായ തുക ബോണസായി അനുവദിക്കാനും തീരുമാനം.

**The Union Cabinet has extended the National Social Assistance Scheme for another five years. It has also approved a bonus equivalent to 78 days' wages for railway employees.**

2) നൂറ്റാണ്ടുകൾ നീണ്ട സാംസ്കാരിക വിനിമയത്തിലൂടെയും അറിവുകളുടെ പങ്കുവെയ്ക്കലിലൂടെയുമാണ് ഭാരതത്തിന്റെ നാഗരികത രൂപപ്പെട്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

**Prime Minister Narendra Modi has said that India's civilisation evolved through centuries of cultural exchange and the sharing of knowledge.**

3) സൗദി അറേബ്യയ്ക്ക് നേരെയുണ്ടായ തുടർച്ചയായ ആക്രമണങ്ങളെ അപലപിച്ച് ഇന്ത്യ.

India has condemned the repeated attacks on Saudi Arabia.

4) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. കേരള മാരിടൈം ബോർഡ് ഭേദഗതി ബില്ലും, മോട്ടോർ വാഹന നികുതി ഭേദഗതി ബില്ലും സഭയിൽ ഇന്ന് അവതരിപ്പിച്ചു.

The Opposition staged a walkout in the Keralam Assembly over the power crisis in the state. The Keralam Maritime Board Amendment Bill and the Motor Vehicles Taxation Amendment Bill were also introduced in the House today.

5) സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത.

Rainfall is expected to intensify in Keralam from tomorrow. An orange alert has been issued for Pathanamthitta, Kottayam, Ernakulam and Idukki districts for tomorrow.

6) ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഹൈദരാബാദിൽ പുരോഗമിക്കുന്നു.

The fourth match of the India–West Indies T20 cricket series is currently underway in Hyderabad.

## CABINET– SOCIAL ASSISTANCE(INTRO)

ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി അഞ്ച് വർഷത്തേക്ക് കൂടി തുടരുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അനുമതി . 53,428 കോടി രൂപ ചിലവിലാണ് ഇത് നടപ്പാക്കുകയെന്നും മന്ത്രിസഭാ യോഗത്തിന് ശേഷം വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഭിന്നശേഷി പെൻഷൻ പദ്ധതി പ്രകാരം നൽകുന്ന ധനസഹായം ഇനി മുതൽ 79 വയസ്സ് വരെ 375 രൂപയും 80 വയസു മുതൽ 625 രൂപയുമായിരിക്കും. പ്രധാന മന്ത്രി സാമാജിക് സഹായ യോജനയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അംഗപരിമിതിയുടെ പരിധി 80 ശതമാനത്തിൽ നിന്ന് 40 ശതമാനമായി കുറച്ചതായും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. ഭിന്നശേഷി പെൻഷനുള്ള ഏറ്റവും കുറഞ്ഞ പ്രായപരിധി ജനനം മുതലാക്കിയിട്ടുണ്ട്. ്യ

*(ബൈറ്റ് – അശ്വിനി വൈഷ്ണവ്)*

11 ലക്ഷത്തിലധികം റെയിൽവെ ജീവനക്കാർക്ക് 78 ദിവസത്തെ വേതനത്തിന് തുല്യമായ തുക പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് ആയി നൽകുന്നതിനും കേന്ദ്ര മന്ത്രിസഭ അനുമതി നൽകി.

## CABINET– IDBI

ഐ.ഡി.ബി.ഐ ബാങ്കിന്റെ തന്ത്രപരമായ പുനഃസംഘടനയ്ക്കും കേന്ദ്ര മന്ത്രിസഭ ഇന്ന് അംഗീകാരം നൽകി. ഇതു വഴി ബാങ്കിലേക്ക് കൂടുതൽ മൂലധനം ലഭ്യമാക്കുമെന്നും, പുതിയ ഘടനയിൽ കേന്ദ്ര സർക്കാരിനും എൽ.ഐ.സി ക്കുമായി 34 ശതമാനം ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുമെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

## PM– SHEKHAWAT – CONFERENCE

നൂറ്റാണ്ടുകൾ നീണ്ട സാംസ്കാരിക വിനിമയത്തിലൂടെയും അറിവുകളുടെ പങ്കുവെയ്ക്കലിലൂടെയുമാണ് ഭാരതത്തിന്റെ നാഗരികത രൂപപ്പെട്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭാരതത്തിന്റെ ആഗോള സാംസ്കാരിക ബന്ധങ്ങൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന സന്ദേശത്തിലാണ് പ്രധാനമന്ത്രിയുടെ പരാമർശം. നാഗരികതയുടെ സ്വാധീനത്തെ ഭൂമിശാസ്ത്രപരമായ അതിർത്തി കൊണ്ട് മാത്രം അളക്കാൻ കഴിയില്ലെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് പറഞ്ഞു.

## GOYAL – TRADE AGREEMENT(INTRO)

കഴിഞ്ഞ നാല് വർഷത്തിനിടെ 38 വികസിത രാഷ്ട്രങ്ങളുമായി ഇന്ത്യ മുൻഗണനാ വ്യാപാര കരാറുകൾ ഒപ്പുവെച്ചതായി കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ്

ഗോയൽ . ന്യൂഡൽഹിയിൽ ബ്ലൂംബർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിപണി സാധ്യതകൾ ആഗോളതലത്തിൽ വികസിപ്പിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്..)

## JAISHANKAR – CANADA FM

കാനഡയുമായി ക്രിയാത്മകമായ നയതന്ത്രബന്ധം ഉറപ്പുവരുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കനേഡിയൻ വിദേശകാര്യമന്ത്രി അനിത ആനന്ദുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.വിദേശകാര്യമന്ത്രി എസ്. ജയശങ്കറും കനേഡിയൻ വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, തുടങ്ങി വിവിധ മേഖലകളിലെ ഇന്തോ-കാനഡ സഹകരണത്തിൻറെ പുരോഗതി ഇരുനേതാക്കളും വിലയിരുത്തി.

## MEA– BRIEFING

സൗദി അറേബ്യയ്ക്ക് നേരെയുണ്ടായ തുടർച്ചയായ ആക്രമണങ്ങളെ അപലപിച്ച് ഇന്ത്യ. സിവിൽ അടിസ്ഥാനസൗകര്യങ്ങൾക്ക് നേരെയുണ്ടാകുന്ന ഇത്തരം ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്നും, ഇവ ഉടൻ

അവസാനിപ്പിക്കണമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. സൗദി അറേബ്യൻ ഭരണകൂടത്തിനും, ജനങ്ങൾക്കുമൊപ്പമാണ് ഇന്ത്യ നിലകൊള്ളുന്നത്. മേഖലയിലെ ഇന്ത്യൻ പൗരന്മാരുമായി റിയാദ് എംബസി നിരന്തരം ബന്ധപ്പെട്ടു വരികയാണെന്നും ശ്രീ ജയ്സ്വാൾ അറിയിച്ചു. റിയാദ് വിമാനത്താവളത്തിൽ നിന്നുള്ള സർവീസുകൾ ആക്രമണങ്ങളെ തുടർന്ന് നിർത്തിവച്ചത് ഇന്ത്യൻ വിമാനക്കമ്പനികളെ ബാധിച്ചതായും അദ്ദേഹം പറഞ്ഞു.

## KERALA MARITIME

കേരളത്തെ തുറമുഖ നഗരമായി മാറ്റാൻ ലക്ഷ്യമിടുന്ന കേരള മാരിടൈം ബോർഡ് ഭേദഗതി ബിൽ മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന്

നിയമ സഭയിൽ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. കേരള മോട്ടോർ വാഹന നികുതി ഭേദഗതി ബിൽ ഗതാഗത മന്ത്രി സി.പി ജോൺ സഭയിൽ അവതരിപ്പിച്ചു. നികുതി അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിനായി എല്ലാ താലൂക്കുകളിലും പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്. സംസ്ഥാനത്തെ വൈദ്യുതി

പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം

സഭയിൽ നിന്നും വാക്കൗട്ട് ചെയ്തു. വൈദ്യുതി പ്രതിസന്ധി വർധിക്കാൻ കാരണം സർക്കാരിന്റെ കഴിവുകേടാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വിമർശിച്ചു. പ്രതിസന്ധി പരിഹരിക്കാൻ എല്ലാ പരിശ്രമവും നടത്തുന്നുണ്ടെന്ന് മന്ത്രി സണ്ണി ജോസഫ് സഭയെ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NEW INDIA- TB CASES(INTRO)

ഇന്ത്യയിൽ 2015 മുതൽ 2024 വരെയുള്ള കാലയളവിൽ ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 21 ശതമാനം കുറവ് രേഖപ്പെടുത്തിയതായി ലോകാരോഗ്യ സംഘടന. ഇതേ കാലയളവിൽ ആഗോളതലത്തിൽ 12 ശതമാനം കുറവ് മാത്രമാണ് രേഖപ്പെടുത്തിയതെന്നും ആഗോള ക്ഷയരോഗ റിപ്പോർട്ട് സൂചിപ്പിക്കുന്നു.

*വിശദാംശങ്ങളിലേയ്ക്ക്............*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## NEW INDIA- TB CASES(VOICE)

ആഗോളതലത്തിൽ ക്ഷയരോഗ ചികിത്സാ കവറേജ് 78 ശതമാനമായിരിക്കെ, ഇന്ത്യയിലിത് 92

ശതമാനമാനത്തിലെത്തിയതായി WHO റിപ്പോർട്ട് വ്യക്തമാക്കുന്നു. രോഗനിർണ്ണയ പരിശോധനകൾ വിപുലീകരിച്ചതിന് പുറമേ, ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ നടത്തിയ ക്ഷയരോഗ നിർമ്മാർജ്ജന ശ്രമങ്ങളും ഈ മുന്നേറ്റത്തിന് കാരണമായി. രാജ്യത്ത് ക്ഷയരോഗ മുക്ത ഭാരത് അഭിയാന്റെ ഭാഗമായി 28 കോടിയിലധികം ആളുകളെയാണ് പരിശോധനയ്ക്ക് വിധേയരാക്കിയത്. 20 ലക്ഷത്തിലധികം പേർക്ക് പ്രതിരോധ ചികിത്സയും ഇതിൻറെ ഭാഗമായി നൽകി. ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി വഴി, എല്ലാ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്വകാര്യ ആശുപത്രികളിലും സൗജന്യ പരിശോധനയും ചികിത്സയും ലഭ്യമാക്കിയിട്ടുണ്ട്. ക്ഷയരോഗത്തിനെതിരെയുള്ള പോരാട്ടത്തിൽ ജനപങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ജോയിന്റ് സ്ക്വാഡ് ഫോർ ഹെൽത്ത് അഥവാ ജോഷ് പദ്ധതിക്കും കഴിഞ്ഞ ദിവസം തുടക്കം കുറിച്ചു.

*ന്യൂസ് ഡസ്ക് ആകാശവാണി....*

## PM – 25 YEARS – PRADHANMANTRI SANGRAHALAYA

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ

പരിപാടികൾ പുരോഗമിക്കുന്നു. പ്രധാൻമന്ത്രി സംഗ്രഹാലയ പോലുള്ള പദ്ധതികൾ ജനജീവിതത്തെ എങ്ങനെ മാറ്റിമറിക്കുന്നു എന്നതാണ് 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്.

2022-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത പ്രധാൻമന്ത്രി സംഗ്രഹാലയം, രാജ്യത്തിന്റെ വികസനത്തിൽ ഇതുവരെയുള്ള പ്രധാനമന്ത്രിമാർ നൽകിയ സംഭാവനകളെ ജനങ്ങൾമുന്നിൽ വിശദമാക്കുന്നു .രണ്ട് കെട്ടിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഈ ആധുനിക ഡിജിറ്റൽ മ്യൂസിയം ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചും ജനാധിപത്യ പാരമ്പര്യങ്ങളെക്കുറിച്ചും വികസന യാത്രയെക്കുറിച്ചും സന്ദർശകർക്ക് അറിവ് നൽകുന്നു.

## CJP LEADERS–JUDICIAL CUSTODY

ഡൽഹി ജന്തർമന്ദറിലേക്ക് പ്രവേശിക്കാൻ ശ്രമിച്ച കേസിൽ കോക്രോച്ച് ജനതാ പാർട്ടി നേതാക്കളായ സൗരവ് ദാസിനെയും അശുതോഷ് റാങ്കയെയും ഡൽഹിയിലെ സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി അഞ്ച് ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. മറ്റൊരു നേതാവായ അജിങ്ക്യ ഷിൻഡെയെ വ്യക്തിഗത ജാമ്യത്തിൽ വിട്ടയച്ചു. സി.ജെ.പി നേതാക്കളെ ഇന്നലെയാണ് ഡൽഹി പോലീസ് കസ്റ്റഡിയിലെടുത്തത്.

## RAIN -KERALAM

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവും നൽകിയിട്ടുണ്ട്. മറ്റന്നാൾ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തുലാവർഷം തെക്കേ ഇന്ത്യയിൽ നാളെയോടെ എത്താൻ സാധ്യതയുണ്ട്.

## T20 - IND VS WI

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഹൈദരാബാദിൽ പുരോഗമിക്കുന്നു. ആദ്യം ബാറ്റിങ്ങിനിറങ്ങിയ വെസ്റ്റ് ഇൻഡീസ് നിലവിൽ 11-ആം ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 118 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ ഇന്ത്യ വിൻഡീസിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു. പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്. അവസാന മത്സരം ഈ മാസം 17ന് നടക്കും.

## PM-ASIAN GAMES

ഈ വർഷത്തെ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ കായിക സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ സംവദിക്കും. ജപ്പാനിലെ ഐച്ചി-

നഗോയയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 21 സ്വർണ്ണമടക്കം 85 മെഡലുകൾ നേടി ഇന്ത്യ നാലാം സ്ഥാനം കരസ്ഥമാക്കിയിരുന്നു.